# ദൈവത്തിനുവേണ്ടി ഒരു വക്താവായിരിക്കുന്നതെങ്ങനെ

സാക് പുന്നൻ

WFTW 04 ജൂൺ 2017

യിരെമ്യാവ് 15:16-21 ൽ ദൈവത്തിൻറെ ഒരു വക്താവായിരിക്കുന്നതിനു വേണ്ട 3 വ്യവസ്ഥകൾ നാം കാണുക.

ഒന്നാമത്: 'യഹോവെ, ഞാൻ അങ്ങയുടെ വചനങ്ങളെ കണ്ടെത്തി, അങ്ങയുടെ വചനം എനിക്ക് സന്തോഷവും എൻറെ ഹൃദയത്തിൻറെ പ്രമോദവുമായിത്തീർന്നു (വാ:16) ദൈവത്തിൻറെ വചനം നിങ്ങളുടെ ഹൃദയത്തിൻറെ സന്തോഷവും പ്രമോദവും ആയിരിക്കണം. ഒരു വ്യാപാരിക്ക് പണം ഉണ്ടാക്കുന്നതിൽ സന്തോഷം ഉള്ളതുപോലെ, നിങ്ങളുടെ സന്തോഷം ദൈവ വചനത്തിൽ ജാഗരിക്കുന്നതിലായിരിക്കണം. ദൈവ വചനത്തിൻറെ ആഴത്തിലേക്കിറങ്ങുന്നതിന് സമയം ചെലവഴിക്കാത്ത അനേകർ ഇന്ന് പ്രാസംഗികരാകുവാൻ ആഗ്രഹിക്കുന്നു തന്നെയുമല്ല അവർ ദൈവ വചനത്തെ അവരുടെ ഹൃദയത്തിൻറെ സന്തോഷവും പ്രമോദവുമായി കാണുന്നില്ല.

രണ്ടാമത് : 'ഞാൻ പരിഹാസികളുടെ സഭയിൽ ഇരുന്നിട്ടില്ല' (വാക്യം:17) യഹൂദ്യയിലുള്ള മറ്റാളുകൾ വിരുന്നു നടത്തുകയും രസിക്കുകയും ചെയ്തപ്പോൾ, യിരെ മ്യാവ് ദൈവത്തോടുകൂടെ തനിയെ ആയിരിക്കേണ്ടതിന് അവരിൽ നിന്നെല്ലാം ദൂരെ മാറിപ്പോയി. ഈ ലോകത്തിലെ കോമാളികളിൽ നിന്ന് അകന്നുമാറുവാൻ നിങ്ങളെത്തന്നെ ശിക്ഷണം ചെയ്യുന്നില്ലെങ്കിൽ, നിങ്ങൾക്കൊരിക്കലും ദൈവത്തിനുവേണ്ടി ഒരു വക്താവായിരിക്കുവാൻ കഴിയുകയില്ല. ഫലിതവും വൃത്തിയുള്ള തമാശകളും തെറ്റാണന്നല്ല ഞാൻ പറയുന്നത്. എന്നാൽ മിക്ക ക്രിസ്ത്യാനികൾക്കും ഇങ്ങനെയുള്ള കാര്യങ്ങളിൽ എവിടെ അവസാനിപ്പിക്കണം എന്നറിയില്ല അവർ ശാശ്വതമായി തമാശക്കാരാണ്. അങ്ങനെയുള്ളവരുമായി താൻ സമയം ചെലവഴിക്കുകയില്ലെന്ന് യിരെമ്യാവ് തീർച്ചപ്പെടുത്തി.

മൂന്നാമത്: 18ാം വാക്യത്തിൽ യിരെമ്യാവ് ദൈവത്തോട് ഇപ്രകാരം പരാതി പറയുന്നു, 'യഹോവെ അങ്ങ് എന്നെ നിരാശപ്പെടുത്തിയതെന്തു കൊണ്ട് ? അങ്ങ് എനിക്ക് വഞ്ചിക്കുന്ന ഉറവും വിശ്വാസ യോഗ്യമല്ലാത്ത വെള്ളവും പോലെ ആയി തീർന്നിരിക്കുന്നു. അതിൽ വെള്ളം ഉണ്ടായിരിക്കും എന്നു കരുതി ഞാൻ ഉറവിങ്കലേക്കു വന്നു എന്നാൽ അതിൽ ഒന്നുമുണ്ടായിരുന്നില്ല. അങ്ങെന്നെ നിരാശപ്പെടുത്തി'. യഹോവ അവനോട് ഇപ്രകാരം അരുളിച്ചെയ്തു, ' എന്നോട് ഇങ്ങനെയുള്ള കാര്യങ്ങൾ ഒരിക്കലും പറയരുത്'. അവിശ്വാസത്തിൻറെ വാക്കുകൾ സംസാരിച്ചതിന് ദൈവം യിരെമ്യാവിനെ ശാസിച്ചു (വാക്യം 19). ദൈവം ഒരിക്കലും നമ്മെ നിരാശപ്പെടുത്തുന്നില്ല. അവിടുന്ന് വിശ്വാസയോഗ്യമല്ലാത്ത ഒരുറവപോലെ അല്ല. യിരെമ്യാവ് തൻറെ തോന്നലുകളിൽ ആശ്രയിക്കുകയും തൻറെ ചുറ്റുപാടുകളെ നോക്കുകയും ചെയ്യുകയായിരുന്നു. യഹോവ അവനോട് ഇപ്രകാരം പറഞ്ഞു, ' നീ എന്നിലേക്ക് മടങ്ങി വരികയും, അധമമായ വാക്കുകൾ ( ഇപ്പോൾ നീ പറഞ്ഞതു പോലെയുള്ള വാക്കുകൾ, വ്യർത്ഥമായതും പ്രയോജനമില്ലാത്തതുമായ അവിശ്വാസത്തിൻറെ വാക്കുകൾ) സംസാരിക്കുന്ന ശീലം ഉപേക്ഷിക്കുകയും വിലയുള്ള വാക്കുകൾ (വിശ്വാസത്തിൻറെയും നന്മയുടെയും വാക്കുകൾ) മാത്രം സംസാരിക്കുകയും ചെയ്യും എന്ന് ഉറപ്പു വരുത്തിയാൽ, അപ്പോൾ നീ എൻറെ വക്താവ് ആകും?

നിങ്ങളിൽ എത്രപേർക്ക് ദൈവത്തിൻറെ വക്താവ് ആയി തീരാൻ ആഗ്രഹമുണ്ട്? നിങ്ങൾ വായിച്ച ഏതെങ്കിലും പുസ്തകത്തിൽ നിന്നു ലഭിച്ച ജീവനില്ലാത്ത പ്രസംഗങ്ങൾ പറയുന്ന ഒരു പ്രാസംഗികൻ ആകുന്നതിനെക്കുറിച്ചല്ല ഞാൻ പറയുന്നത്, എന്നാൽ ദൈവത്തിൻറെ വക്താവ്

ആയിരിക്കുന്നതിനെക്കുറിച്ചാണ്. നിങ്ങൾക്ക് അതാകണമെങ്കിൽ, പ്രയോജനമില്ലാത്ത കൂട്ടുകെട്ടിൽ നിങ്ങളുടെ സമയം പാഴാക്കരുത്, എന്നാൽ നിങ്ങളുടെ സമയം വീണ്ടെടുത്ത് ദൈവ വചനത്തിൻറെ ആഴത്തിലേക്കിറങ്ങിച്ചെല്ലുന്നതിനായി ചെലവാക്കുക. പ്രയോജന രഹിതമായ സംഭാഷണങ്ങൾ ഉപേക്ഷിച്ച് നിങ്ങളുടെ എല്ലാ സംഭാഷണങ്ങളിലും എപ്പോഴും വിശ്വാസത്തിൻറെ വാക്കുകളും നല്ല വാക്കുകളും മാത്രം സംസാരിക്കുക. അപ്പോൾ കർത്താവ് നിങ്ങളെ അവിടുത്തെ വക്താവാക്കിത്തീർക്കും. ദൈവത്തിനു മുഖപക്ഷമില്ല. അപ്പോൾ യഹോവ യിരെമ്യാവിനോട് അരുളി ചെയ്തു: ‘ നീ അവരുടെ അടുത്തേക്ക് മടങ്ങി പോകരുത്. നീ അവരെ സ്വാധീനിക്കണം. ഒരിക്കലും അവർ നിന്നെ സ്വാധീനിക്കുവാൻ അനുവദിക്കരുത്‘ (യിരെമ്യാവ് 15:19 ലിവിംഗ് ബൈബിൾ)

ലോകം നിന്നെ സ്വാധീനിക്കുവാൻ അനുവദിക്കരുത്. അതുപോലെ ദുഷിച്ച ക്രിസ്തീയഗോളം നിന്നെ സ്വാധീനിക്കുവാൻ അനുവദിക്കരുത്. പിന്മാറ്റത്തിലായ പാസ്റ്റർമാരും പണസ്നേഹികളായ പ്രാസംഗികരും നിന്നെ സ്വാധീനിക്കുവാൻ നീ അനുവദിക്കരുത്. നിന്നെ സ്വാധീനിക്കുവാൻ ദൈവത്തെ അനുവദിക്കുക അതിനുശേഷം നീ മറ്റുള്ളവരെ ദൈവഭക്തിയിലേക്ക് സ്വാധീനിക്കുക. അവർ നമ്മുടെ മേൽ പ്രബലപ്പെടാൻ കഴിയാത്ത വിധത്തിൽ നമ്മെ ഉറപ്പുള്ള താമ്രഭിത്തി ആക്കി തീർക്കും‘ എന്നാണ് ദൈവത്തിൻറെ വാഗ്ദത്തം (യിരെമ്യാവ് 15:20). ഹാലേലൂയ്യാ! ദൈവത്തിൻറെ ദാസനായിരിക്കുവാൻ ഭാരിച്ച ഒരു വില കൊടുക്കേണ്ടതുണ്ട്. യിരെമ്യാവിൻറെ കാര്യത്തിൽ, ആ വിലയുടെ ഒരു ഭാഗം അവൻ തൻറെ ജീവിത കാലം മുഴുവൻ അവിവാഹിതനായി നില കൊള്ളണം എന്നതായിരുന്നു.

യഹോവ അവനോട് ഇപ്രകാരം അരുളിചെയ്തു, ‘ നീ ഒരു ഭാര്യയെ എടുക്കരുത്, നിനക്ക് ഇവിടെ പുത്രന്മാരും പുത്രിമാരും ഉണ്ടാകയും അരുത്‘ (യിരെമ്യാവ് 16:2). പൗലൊസിനെയും യിരെമ്യാവിനെയും പൊലെയുള്ള ചിലരെ ദൈവം അവിവാഹിത ജീവിതത്തിലേക്കാണ് വിളിച്ചിരിക്കുന്നത്. അവർ ആ വിളി സ്വീകരിക്കുവാൻ മനസ്സുള്ളവരായിരിക്കണം. ഒരു വിലാപ ഭവനത്തിലേക്കോ, ഒരു വിരുന്നു വീട്ടിലേക്കോ പോകുവാൻ പോലും യിരെമ്യാവ് അനുവദിക്കപ്പെട്ടിട്ടില്ലായിരുന്നു ( യിരെ മ്യാവ് 16:5,8). കർത്താവിനെ സേവിക്കണമെങ്കിൽ പ്രവാചകന്മാർ തങ്ങളുടെ ഭക്ഷണ ശീലങ്ങളെ ചിട്ടപ്പെടുത്തേണ്ടിയിരുന്നു. യിരെമ്യാവിനെപ്പറ്റി ആളുകൾ എന്തുപറഞ്ഞിട്ടുണ്ടാകും എന്ന് നിങ്ങൾക്ക് ഊഹിക്കാൻ കഴിയുമോ? അവൻ സമൂഹവിരുദ്ധനായ ഒരുവനാണെന്ന് അവർ അഭിപ്രായപ്പെട്ടുകാണും. അവൻ സമൂഹത്തിൽ ഭൃഷ്ടനായിരുന്നു കാരണം മറ്റുള്ളവരെപ്പോലെ വെറുതെ കറങ്ങി നടക്കുവാൻ അവനു സമയം ഇല്ലായിരുന്നു. അവന് ദൈവത്തിൻറെ സന്ദേശം ലഭിക്കുവാൻ അവിടുത്തെ മുമ്പാകെ കാത്തിരിക്കേണ്ടിയിരുന്നു. മിക്ക ആളുകൾക്കും ആ വില കൊടുക്കാൻ ആഗ്രഹമില്ല എന്നാൽ അപ്പോഴും അവർക്ക് ദൈവത്തിൻറെ വക്താവ് ആയിരിക്കാൻ ആഗ്രഹമുണ്ട്. അത്തരത്തിലുള്ള പ്രാസംഗികർ ദൈവജനത്തിന് ഒരു നന്മയും ചെയ്യുന്നില്ല എന്നു മാത്രമല്ല, അവർ ധാരാളം ദ്രോഹം ചെയ്യുന്നു.